"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്-സംസ്ഥാന ദുരന്ത പ്രതികരണനിധി 2024-25- ജില്ലാകളക്ടർമാർക്ക് തുക അനുവദിച്ചുകൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.648/2024/DMD തീയതി,തിരുവനന്തപുരം, 03-09-2024

---

പരാമർശം:-

1. കണ്ണൂർ ജില്ലാകളക്ടറുടെ 05/08/2024 ലെ ഡിസികെഎൻ ആർ/13530/2023-ഡിഎം3 നമ്പർ കത്ത്
2. തിരുവനന്തപുരം ജില്ലാകളക്ടറുടെ 16/08/2024 ലെ ഡിസിറ്റി വിഎം/7733/2024-എച്ച്2 നമ്പർ കത്ത്
3. ആലപ്പുഴ ജില്ലാകളക്ടറുടെ 19/08/2024 ലെ ഡിസിഎ എൽപി/248/2023-ഡിഎംസി1 നമ്പർ കത്ത്

**ഉത്തരവ്**

പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ബിൽ തുക അനുവദിക്കുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ 2245-02-106-99-F-Repair and Restoration of damaged roads & bridges എന്ന ശീർഷകത്തിൽ നിന്ന് തുക അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശ പ്രകാരം ജില്ലാകളക്ടർമാർ പ്രൊപ്പോസലുകൾ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ബിൽ തുക അനുവദിക്കുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ 2245-02-106-99-F-Repair and Restoration of damaged roads & bridges എന്ന ശീർഷകത്തിൽ നിന്ന് ആകെ 7,07,79,078/- രൂപ (ഏഴ് കോടി ഏഴ് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി എഴുപത്തിയെട്ട് രൂപ മാത്രം) ജില്ലാകളക്ടർമാർക്ക് ചുവടെ കാണുന്ന പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 1,67,79,078/- |
| ആലപ്പുഴ | 90,00,000/- |
| കണ്ണൂർ | 4,50,00,000/- |
| ആകെ | 7,07,79,078/- |

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം

തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുരാധ കെ സി

അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
ജില്ലാകളക്ടർ, തിരുവനന്തപുരം, ആലപ്പുഴ, കണ്ണൂർ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sivaprasad V N
സെക്ഷൻ ഓഫീസർ
Date: 03-09-2024 16:21:56